# പരിവർത്തനത്തിന്റെ സമരം

— എം. എ. ജോൺ

സമൂഹത്തിന്നു് മാററമുണ്ടാകുന്നില്ലെന്നതു്, മാത്രമല്ല നമുക്കു് അമർഷമുണ്ടാക്കുന്ന ദുസ്ഥിതി. സമൂഹം മാറുകയില്ലെന്ന മനോഭാവം കൂടെ വളർന്നു് വന്നിരിക്കുന്നതാണു് കൂടുതൽ ക്രൂരമായ അവസ്ഥ. നിലവിലുള്ള രാഷ്ട്രീയസ്ഥിതിയുടെ പ്രതിഫലനമാണു് സാമൂഹ്യരംഗത്തു് ദുഷിച്ചുനാറിയ നിശ്ചലാവസ്ഥയിൽ നിഴലിച്ചു കാണുന്നതു്.

ഭാരതം സ്വാതന്ത്ര്യം നേടി കാൽ നൂററാണ്ടുകഴിഞ്ഞിട്ടും കാര്യമായ മാററമുണ്ടായിട്ടില്ല. സർക്കാർ പ്രസിദ്ധീകരണങ്ങളിലെ സ്ഥിതിവിവരക്കണക്കുകൾ കാണാതെയല്ല പറയുന്നതു്, അണക്കെട്ടുകളുടേയും ഉരുക്കുനിർമ്മാണശാലകളുടേയും പെരുപ്പിച്ച കണക്കുകൾ ഏറെയുണ്ടു്. പുതുതായി നിർമ്മിക്കപ്പെട്ട വീഥികളുടേയും വൈദ്യുതവെളിച്ചം വീശിയ ഗ്രാമങ്ങളുടേയും കഥകളുമുണ്ടു്. എങ്കിലും ഈ കണക്കുകൾ സാമൂഹ്യ പുരോഗതിയുടെ അളവുകോലല്ല.

പണ്ടുണ്ടായിരുന്നതിനെ അപേക്ഷിച്ചു് മെച്ചം കാണിക്കാൻ ബ്രിട്ടീഷ് ഭരണത്തിനും സാധിക്കുമായിരുന്നു, ചില സംസ്ഥാനങ്ങളിലെ ദിവാൻ ഭരണത്തിനു വേണമെങ്കിൽകഴിയും. പൊതുമരാമത്തുവകുപ്പിന്റെ വാർഷികറിപ്പോർട്ടുകൾ യഥാർത്ഥത്തിലുള്ള രാജ്യവികസനത്തെയല്ല സൂചിപ്പിക്കുന്നതു്. രാഷ്ട്രത്തിനു വയസ്സേറുന്നുവെന്നേ ഈ വാർഷികകണക്കുകൾ കാണിക്കുന്നുള്ളു, പോഷകാഹാരം കഴിച്ചില്ലെങ്കിലും ആളുകൾക്കു പ്രായമേറി വരുന്നില്ലേ? പക്ഷെ, പ്രായമേറുന്നതു് പരിവർത്തനമല്ലല്ലോ.

ജനജീവിതത്തെ സമ്പന്നമാക്കുന്ന വ്യക്തമായ ലക്ഷ്യത്തിലേക്കു് ആസൂത്രിതമായ ശ്രമങ്ങളിലൂടെ മുന്നേറുന്നതാണു് പരിവർത്തനം. തെററായി ആസൂത്രണം ചെയ്ത പദ്ധതികൾ അവയുടെ തന്നെ ഭൗതികലക്ഷ്യങ്ങൾ നിറവേററുന്നതിൽ പരാജയപ്പെട്ടു. മനുഷ്യശക്തിയെ അവഗണിച്ചു കൊണ്ടും. ഉദ്യോഗസ്ഥമേധാവിത്വത്തെ ആശ്രയിച്ചുകൊണ്ടും മുതലാളിത്വത്തിന്റെ ലാഭേച്ഛയെ അവലംബിച്ചുകൊണ്ടും നടത്തിയ ആസൂത്രണം പരാജയമായിരുന്നുവെന്നു കാപട്യമില്ലാത്തവരെല്ലാം സമ്മതിക്കും. ദേശീയോല്പാദനത്തിന്റെ വർദ്ധനവാണു് പദ്ധതിയുടെ അന്തിമലക്ഷ്യമായി കരുതിയതു്, അതോടൊപ്പം ജനങ്ങളുടെ ജീവിതം സമ്പന്നമാകുന്നുണ്ടോയെന്നതു് പ്രശ്നമായി കരുതിയില്ല.

ഇതിൻെറ ഫലം ദേശീയവരുമാനവർദ്ധനയുടെ തോതുപോലും കുറഞ്ഞുപോയിയെന്നതാണ്.

ആസൂത്രണത്തിൻെറ ആദ്യദശകത്തിൽ ദേശീയോല്പാദന നിരക്ക് 1½ ശതമാനം വർദ്ധിച്ചപ്പോൾ പിന്നീട് അതു ¾ ശതമാനമായി കുറഞ്ഞു. മൂന്നാം ദശകത്തിൻെറ ആദ്യ വർഷങ്ങൾ വെച്ചു നോക്കിയാൽ മൊത്തം ദേശീയോല്പാദനം വർദ്ധിക്കുന്നില്ലെന്നു മാത്രമല്ല, പിന്നോട്ടടിക്കുക കൂടി ചെയ്തിരിക്കുന്നു.

ദേശീയോൽപാദന വർദ്ധനക്കുവേണ്ടിയുള്ള മുതലാളിത്തപരമായ ആസൂത്രണം ദരിദ്രമായ വികസ്വര രാജ്യങ്ങളെ ഒരിക്കലും പുരോഗതിയിലേയ്ക്ക് എത്തിക്കുകയില്ല. മുതലാളിത്തത്തിൻെറ വക്താക്കൾ തന്നെ പരോക്ഷമായി ഇതു സമ്മതിക്കുന്നുണ്ട്. ഇന്നത്തെ രീതിയിലുള്ള ആസൂത്രണത്തെ ആശ്രയിച്ചാൽ ഭാരതത്തിലെ ജനതയുടെ മൂന്നിലൊന്നു വരുന്ന ഏററവും ദരിദ്രജനവിഭാഗത്തിന് ഒരു നേരത്തെ പോഷകാഹാരം കിട്ടാറാക്കണമെങ്കിൽ പോലും മുപ്പതു കൊല്ലം വേണ്ടിവരും. ലോകബാങ്ക്മുഖ്യൻ മക്നാമാറ പറയുന്നതാണിതു്.

എന്നിട്ടും പഴയപടിയുള്ള പദ്ധതി തുടരാനാണ് അധികാരികളുടെ പുറപ്പാട്. അഞ്ചാം പദ്ധതിയോടുള്ള സമീപനരേഖ നോക്കു............ജനസാമന്യത്തോടുള്ള ക്രൂരമായ വെല്ലുവിളിയാണിതു് ഭാരതത്തിലെ ഇരുപത്തിരണ്ട് കോടി ജനങ്ങൾ ദാരിദ്ര്യരേഖയ്ക്കു് താഴെ കഴിയുന്നവരാണെന്നു പദ്ധതിയുടെസമീപനരേഖ സമ്മതിക്കുന്നു അതറിഞ്ഞിട്ടും എല്ലാ സ്ത്രീ പുരുഷന്മാർക്കും തൊഴിലും ജീവിതത്തിൻെറ പ്രാഥമികാവശ്യങ്ങളെങ്കിലും നിർവ്വഹിക്കാനുള്ള സാഹചര്യവും പദ്ധതി ഉറപ്പു നൽകുന്നില്ല.

ഭക്ഷ്യധാന്യത്തിനുവേണ്ടിയുള്ള ഭിക്ഷാടനം ഹരിതവിപ്ലവം മിഥ്യയാണെന്നല്ലേ തെളിയിക്കുന്നതു്? നെല്ലുണ്ടാക്കുന്ന തൊഴിലാളി പോയി റേഷൻ കടയിൽ ക്യൂ നിന്നാലും ഒരു നേരത്തെ ആഹാരത്തിന്നു മതിയായ അരി കിട്ടുന്നില്ല. വൻമേടകളും ആർഭാട ഹോട്ടലുകളും കെട്ടിയുയർത്തുന്ന കൂലിവേലക്കാർക്ക് അന്തിയുറങ്ങാൻ കൂരപ്പുരകൾ പോലുമില്ല. തുണിമില്ലുകളിൽ വസ്ത്രം കെട്ടികിടക്കുമ്പോൾപോലും പണിയെടുക്കുന്നവർക്ക് നാണം മറക്കാൻ വേണ്ട തുണി കിട്ടുന്നില്ല, ഉള്ള തുണിമില്ലുകൾ രോഗബാധിതവുമാണ് സ്വാതന്ത്ര്യത്തിന്നു മുമ്പുണ്ടായിരുന്നതിനേക്കാൾ കൂടുതൽ ആളുകൾ ഇന്നു ഭാരതത്തിൽ നിരക്ഷരരായി ഉണ്ടെന്നു പറഞ്ഞാൽ വിശ്വസിക്കാൻ പ്രയാസം കാണും. എങ്കിലും സത്യം അതാണ്.

ജനങ്ങൾക്ക് ദാഹിക്കുന്ന വെള്ളം പോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്നതു് എത്രയോ ക്രൂരമാണ്. അഞ്ചാം പദ്ധതിയുടെ അവസാനത്തിൽ എല്ലാ ഗ്രാമങ്ങളിലേക്കും ശുദ്ധജലം എ

ത്തിക്കമെന്നാണ് ഇരുപത്തിയഞ്ചു കൊല്ലത്തിനു ശേഷം പറയുന്നതു് തന്നെ. ഇതിനിടയിൽ എത്രയോ പേർ വെള്ളം കിട്ടാതെ മരിക്കേണ്ടി വന്നിട്ടുണ്ടാവും?

## കാലയളവു്

രാജ്യത്തിന്റെ ചരിത്രത്തിൽ കാൽ നൂററാണ്ടു് വലിയ കാലയളവല്ലെന്നു് ആശ്വസിപ്പിക്കുന്നവരുണ്ടു്. ദാരിദ്ര്യം പങ്കിടലല്ലാ, സോഷ്യലിസമെന്നു് പറയുന്ന തത്വപ്രചാരകരുമുണ്ടു്. ആളുകളുടെ ആയുസ്സിൽ ഇരുപത്തഞ്ചു കൊല്ലം വലിയ കാലം തന്നെയാണു്. അതും ശരാശരി ആയുർദൈർഘ്യം അമ്പതു് കൊല്ലത്തിനടുത്തു് മാത്രമുള്ള ഈ നാട്ടിൽ—ഒന്നുകൂടെപ്പറയാം. സമ്പത്തു് പങ്കിടാതെ സോഷ്യലിസമില്ല ദാരിദ്ര്യമാണു സമ്പത്തെങ്കിൽ അതും പങ്കിടുക തന്നെ വേണം. സമത്വത്തിൽ നിന്നല്ലാതെ സമൃദ്ധി വളരുകയില്ല.

നിശ്ചിതമായ അളവിലുള്ള സൗകര്യങ്ങളെങ്കിലും നിശ്ചിതമായ സമയത്തിനുള്ളിൽജനസാമാന്യത്തിനുനല്കുന്നതിനായിരിക്കണം ആസൂത്രണം. യുദ്ധരതിന്റേയോ പ്രകൃതി ക്ഷോഭത്തിന്റേയോ, രാജ്യവലുപ്പത്തിന്റേയോ, ജനപ്പെരുപ്പത്തിന്റേയോ തൊട്ടഞ്ഞായങ്ങൾ കൊണ്ടു് പരാജയം മൂടിവെക്കുന്നതു് ക്ഷമിക്കാനാവില്ല എല്ലാ കെടുതികളെയും തരണം ചെയ്ത രാജ്യങ്ങൾ നമ്മുടെ മുന്നിലുണ്ടു് ഓരോ നിമിഷവും അമേരിക്കയുടെ ബോംബേറു പ്രതീക്ഷിച്ചു തോക്കേന്തി നിന്ന വിയററ്നാം ജനതക്കു് ഹോചിമിന്റെ നേതൃത്വത്തിൽ നൂറുശതമാനവും സാക്ഷരത്വം നേടാൻ സാധിച്ചു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ മരുഭൂമിയിൽ മുന്തിരിവിളയിക്കാൻ ഇസ്രായേൽ ജനത്തിനു കഴിഞ്ഞു.

ഭാരതത്തിന്റെ പ്രശ്നങ്ങളുടെ ഭീകരതമാത്രം ചൂണ്ടിക്കാട്ടി സമാധാനിച്ചാൽ പോരാ. സ്വാതന്ത്ര്യത്തിനുമുമ്പു് ഏഷ്യൻ ആഫ്രിക്കൻ നാടുകളിൽ ജാപ്പാൻ കഴിഞ്ഞാൽ സാങ്കേതിക പുരോഗതി നേടിയ രാജ്യം ഭാരതമായിരുന്നു ഇരുപത്തഞ്ചു വർഷത്തിനുശേഷം ഇന്നു പുരോഗതിയുടെ നിരക്കിൽ ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളുടെ പട്ടികയിൽ പിന്നിൽ നിന്നു് രണ്ടാം സ്ഥാനമാണു് ഭാരതത്തിന്റേതു്

പരിതാപകരമായ ഈ ദുരവസ്ഥയുടെ മുഖ്യകാരണക്കാർ രാഷ്ട്രീയനേതാക്കളാണു്. എന്തുകൊണ്ടെന്നാൽ അവരായിരിക്കണം സാമൂഹ്യപരിവർത്തനത്തിന്റെ ശില്പികൾ. സുശക്തവും ഭാവനാസമ്പന്നവുമായ രാഷ്ട്രീയ നേതൃത്വം എന്നും സാമൂഹ്യജീവിതത്തെ ഒട്ടാകെ സ്വാധീനിച്ചിട്ടുണ്ടു്. വ്യക്തിപരമെന്നു കണക്കാക്കപ്പെടുന്ന കലാസൃഷ്ടികൾവരെ സുശക്തമായ സാമൂഹ്യ

ത്തിൻെറ വളക്കൂറുള്ള മണ്ണിലാണ് തഴച്ചുവളരുക. കൂട്ടായ യത്നങ്ങളെആധാരമാക്കിയാണ് ആധുനികമായ ശാസ്ത്രീയസാങ്കേതിക നേട്ടങ്ങളുണ്ടാകുന്നത്. അതിനാൽ ഇത്തരം നേട്ടങ്ങൾ ഇന്നു തീർച്ചയായും ആരോഗ്യസമ്പുഷ്ടമായ സമൂഹത്തെ ആശ്രയിച്ചിരിക്കുന്നു സാമൂഹ്യഘടനയാകട്ടെ രാഷ്ട്രീയ സംവിധാനവുമായി വേർപിരിയാനാവാത്തവിധം ബന്ധപ്പെട്ടിരിക്കുന്നു. ഭാരതത്തിൻെറ രാഷ്ട്രീയ സ്വാതന്ത്ര്യസമരചൈതന്യം സമൂഹത്തിൻെറ സിരകളെ മുഴുവൻ ത്രസിപ്പിച്ച സന്ദർഭത്തിലാണ് സാമൂഹികവും സാംസ്ക്കാരികവുമായ നവോത്ഥാനമുണ്ടായതെന്ന അനുസ്മരിക്കണം. കിഴക്ക ചുവന്ന ഗാനവുംപാടിക്കൊണ്ട് ചൈനയുടെ ഉപഗ്രഹം ലോകത്തെ വലംവെച്ചിട്ടുണ്ടെങ്കിൽ, മാവോസേതുങ്ങിൻെറ രാഷ്ട്രീയ നേതൃത്വത്തിൻെറയും നേട്ടം അതിൽ അന്തർഭവിച്ചിരിക്കുന്നു. രാഷ്ട്രീയ നേതൃത്വത്തിൻെറ കഴിവു് രാജ്യത്തിൻെറ കഴിവായി മാറുന്നതു പോലെ തന്നെ, രാഷ്ട്രീയ നേതൃത്വത്തിൻെറ കഴിവുകേട് രാജ്യത്തിൻെറ കഴിവുകേടായും തീരുന്നു.

അപ്പോൾ രാഷ്ട്രീയ നേതൃത്വത്തിൻെറ കഴിവുകേടിനെയാണ്. രാജ്യത്തിൻെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാത്തതിനു് പഴിപറയേണ്ടതു് രാഷ്ട്രീയ നേതൃത്വത്തെ പററി പറയുമ്പോൾ ഏതെങ്കിലും കക്ഷിയെ ഒഴിച്ചു നിർത്തികൊണ്ടു പറയുന്നു എന്നു ധരിക്കരുതു്. എല്ലാ കക്ഷി നേതൃത്വങ്ങൾക്കും കഴിവുകേടിൽ തുല്യ പങ്കാളിത്തമുണ്ട്. വാസ്തവത്തിൽ കൊടിയുടെ അടയാളത്തിലും നിറത്തിലും മാത്രമാണ് കക്ഷികളുടെ ഭിന്നത. പറയുന്ന പ്രത്യയശാസ്ത്രങ്ങളിലും ഓരോ കക്ഷിക്കും പ്രത്യേകത കണ്ടെന്നുവരാം. പക്ഷെ പ്രവർത്തന രംഗത്തു് പറയത്തക്ക ഒരു വ്യത്യാസവും ഇല്ല തന്നെ.

പാർട്ടിപരിപാടികൾ കേവലം വാചകക്കസർത്തുകളാണ് വിശാല ജനാധിപത്യ മുന്നണി, ഇടതുപക്ഷ ജനാധിപത്യ മുന്നണി, ദേശീയ ജനാധിപത്യ മുന്നണി, പ്രതിപക്ഷ മുന്നണി എന്നിങ്ങനെ പലപേരിൽ അറിയപ്പെടുന്നു. ഐക്യമുന്നണികൾ—ഇന്നു് പാർളിമെൻററി ജനാധിപത്യമാർഗം അംഗീകരിച്ച എല്ലാ കക്ഷികളുടേയും തന്ത്രമാണിതു്. തെരഞ്ഞെടുപ്പിൽ മത്സരിച്ചു സ്ഥാനം നേടുകയെന്നതിൽ കവിഞ്ഞു ഈ ഐക്യമുന്നണികൾക്ക് ലക്ഷ്യമില്ല. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പുകളും കൂട്ടുകക്ഷി ഭരണങ്ങളും പാർട്ടികളുടെ പൊതുസ്വഭാവം പ്രകടമാക്കിയിരിക്കുന്നു.

# മുന്നണിതന്ത്രം

പ്രബലമായ ഏതെങ്കിലും രാഷ്ട്രീയ കക്ഷിയെ പൊതു ശത്രുവായി പ്രഖ്യാപിക്കുകയാണ് ഐക്യമുന്നണികളുണ്ടാക്കുന്നതിലെ ആദ്യത്തെ അടവ്, പിന്നെ അവ്യക്തവും, അനിശ്ചിത കാലത്തേയ്ക്കുള്ളതുമായ മിനിമം പരിപാടി എഴുതിയുണ്ടാക്കും. പഞ്ചായത്തു തെരഞ്ഞെടുപ്പിൽ പോലും ജയിക്കാൻ തക്ക പിന്തുണയില്ലാത്ത കക്ഷികളും ഐക്യമുന്നണിയിൽ പങ്കാളിയാവുന്നു

പിന്നീട് ജനങ്ങളെ പങ്കിട്ടെടുക്കാനുള്ള സീററു വിഭജനമാണ് നടക്കുന്നത്. മുന്നണിക്കു പുറത്ത് പിന്നെയും കക്ഷികളുണ്ടെങ്കിൽ തെരഞ്ഞെടുപ്പ് ധാരണകളുണ്ടാക്കും. ഇന്നലത്തെ വർഗീയ കക്ഷി, ഇന്നത്തെ വഗ്ഗബന്ധംവായിമാറും. പുരോഗമന പരിപാടിയിലെ പങ്കാളി പെട്ടെന്ന് പിന്തിരിപ്പൻമാരുടേയും തോട്ടമുടമകളുടേയും പാർട്ടിയാകും.

നിയമസഭകളിൽ കഴിയാവുന്നത്ര സ്ഥാനം നേടിക്കഴിഞ്ഞാൽ കൂട്ടകക്ഷിഭരണമായി, എല്ലാ കക്ഷികൾക്കും നിയമസഭാസ്ഥാനങ്ങൾക്ക് ആനുപാതികമായി മന്ത്രിമാരുണ്ടാകും? ഒരാൾ മാത്രമെയുള്ളുവെങ്കിൽ അയാൾ മന്ത്രിയാകും, ഒപ്പം ജനപിന്തുണയില്ലാത്ത കക്ഷികളുടെ പേരിൽ മന്ത്രിമാരാകുന്നവർ രാജ്യഭരണത്തിൻെറ താക്കോൽ സ്ഥാനങ്ങളിലെത്തുന്നു. മൂന്നേമുക്കാൽ നാഴിക മന്ത്രിയാകാൻ ആഗ്രഹിച്ചവക്ക് ഓരേയൊരു മിനിമം പരിപാടിയേയുള്ളു. നിലാവുള്ളതുകൊണ്ട് പുലരുവോളം കക്കുക.

പിന്നെ ഐക്യമുന്നണിയുടെ അടവുകൾ കക്ഷികൾക്കകത്തുള്ളവരാണ് പയററുന്നത്. പഞ്ചായത്ത് കിണർ കുഴിപ്പിക്കാത്തതിൻെറയും മററും പേരിൽ ചില നേതാക്കൾക്ക് പ്രത്യയശാസ്ത്രത്തിൻെറ ഭൂതോദയമുണ്ടാകും. അവർ പുതിയ കക്ഷിയുണ്ടാക്കുന്നു. മന്ത്രിസ്ഥാനം നൽകില്ലെങ്കിൽ കോർപറേഷൻ ചെയർമാൻ സ്ഥാനം നൽകി പ്രത്യയശാസ്ത്രത്തിൻെറ ഭൂതത്തെ മുന്നണി നേതാക്കൾ പിടിച്ചുകെട്ടുന്നു. അവിടം കൊണ്ടും അവസാനിക്കുന്നില്ലെങ്കിൽ ഉന്നതാധികാരകമ്മിററിയെന്നോ, ഏകോപന സമിതിയെന്നോ, പറയുന്ന സത്വത്തിനകത്ത് ഇത്തരം ഭൂതബാധയുണ്ടായവരെ തളച്ചിടുന്നു.

കക്ഷിനേതാക്കൾക്ക് സത്യത്തിൽ പൊതു ശത്രുവേതുമില്ല. ഇന്നലത്തെ പൊതുശത്രുവിനെ ഇന്നത്തെ ഉററമിത്രമായി കരുതാത്ത ഒരൊററ രാഷ്ട്രീയ കക്ഷിയും ഭാരതത്തിൽ അവശേഷിച്ചിട്ടില്ല.

ഇവരിൽ ഏതുകക്ഷിയും ഒററയ്ക്കായാലും ഒരേപോലുള്ള ഭരണമാണ ജനങ്ങൾക്ക് നൽകുന്നത്. കേരളത്തിലെ ജനങ്ങ

ാംക്ക് മരോറ്റ സംസ്ഥാനത്തിലുള്ളവരേക്കാള ഈയനുഭവമുണ്ടായിട്ടുണ്ട്. ഏതെങ്കിലുമൊരു കാര്യത്തിൽ മാറി മാറി വരുന്ന മന്ത്രി സഭകളുടെ ഭരണകാലത്തു് മാററമുണ്ടായതായിചൂണ്ടിക്കാണിക്കാനില്ല മാററമുണ്ടായിട്ടുണ്ടെങ്കിൽ അതു് കമ്മററിയംഗങ്ങളുടേയും കോർപ്പറേഷൻ ചെയർമാന്മാരുടേയും ട്രാൻസ്പോർട്ടു് അതോറിട്ടിക്കാരുടേയും പേരുകളിൽ മാത്രമാണു്.

പോലീസു് മർദ്ദനം പോലും പഴയ നിലയിൽ തന്നെ തുടർന്നു പോവുകയാണുണ്ടായിട്ടുള്ളതു്. കൈക്കൂലി കൊടുത്തു് പണക്കാരൻ ഏതു ഭരണകാലത്തും പോലീസ്സിനെ പാട്ടിലാക്കുന്നു. ഭരണകക്ഷി നേതാക്കാം പോലീസിനെ പുകഴ്ത്തുന്നു. പ്രതിപക്ഷ നേതാക്കാം പോലീസു് മർദ്ദനത്തെപ്പററി പരാതിപ്പെടുന്നു. നേതാക്കളെ കൂടാതെ പോലീസു് സ്റ്റേഷൻെറ പരിസരത്തു് കൂടി നടക്കാൻ പോലും പാവപ്പെട്ടവക്കു് ഭയമാണു്. ഏതു പാർട്ടി നേതാവിനും അകത്തു് ഇരിപ്പടമുണ്ടു്. പാവപ്പെട്ടവനു ഇടി മാത്രമേയുള്ളൂ. സ്ഥിതഗിതികാം വന്നുവന്നു ആളുകാം രാഷ്ട്രീയ നേതാവിൻെറ യോഗ്യത നിശ്ചയിക്കുന്നതെങ്ങിനെയാണെന്നോ? "ഏതു പാതിരക്കും പോലീസു് സ്റ്റേഷൻ വരെ പോരണമെന്നു പറഞ്ഞാൽ ഇറങ്ങി വരുന്നവനാണു് നേതാവാകാൻ ഏററവും യോഗ്യൻ" ഏതൊരാാംക്കും എപ്പോാം വേണമെങ്കിലും പോലീസു് സ്റ്റേഷനിലൊ, സർക്കാർ ഓഫീസ്സിലൊ, ആസ്പത്രിലൊ പോകാനും ന്യായമായി കാര്യം നടത്താനും സാധിക്കുന്ന സ്ഥിതിയുണ്ടാക്കുകയാണു് ചെയ്യേണ്ടതെന്നുപോലും രാഷ്ട്രീയ നേതാക്കളോർക്കുന്നില്ല.

ഉദ്യോഗസ്ഥ മേതാവിത്വം ഏതു ഭരണ കൂടത്തിൻെറ കീഴിലും മാറാതെ തുടരുകയാണു്. സർക്കാർ ആഫീസിലോ കാലതാമസവും കൈക്കൂലിയു, അംഗീകൃത നിയമം പാലെയായിരിക്കുന്നു. റേഷൻ കടകാംക്കു മുന്നിലെ ക്യൂ നീണ്ടു പോവുകയാണു്. കരിഞ്ചന്തയും കള്ളക്കടത്തും നടത്തി വന്നവർ നിർബ്ബാധം നടത്തുന്നു. വിദേശ ഭാഷയുടെ ആധിപത്യം പോലും അവസാനിപ്പിക്കാൻ ഒരു ഭരണത്തിനും സാധിച്ചിട്ടില്ല.

## ഒന്നുതന്നെ.

സ്വാതന്ത്ര്യ സമര കാലത്തു് ഒരേ കൊടിക്കീഴിൽ ഒന്നിച്ചു പ്രവർത്തിച്ച കക്ഷികളുടെ മാത്രം സ്ഥിതിയല്ല ഇതു് സായുധ സമരത്തിലൂടെ തൊഴിലാളി വർഗ്ഗം അധികാരം പിടിച്ചു പാറണമെന്നുവിശ്വസിക്കുന്നവരും വ്യത്യസ്ഥരായിരുന്നിട്ടില്ല. ചട്ടക്കൂടുകാംക്കുള്ളിലിരുന്നു ചാഞ്ചാടി കളിക്കുന്നതിനല്ലാതെ സ്ഥായിയായ മാററത്തിനുവേണ്ടിയുള്ള ശ്രമം അധികാരം ഉപയോഗിച്ചു നടത്തുന്നതിൽ എല്ലാ കക്ഷികളും പരാജയപ്പെട്ടിരിക്കു

ന്നു. 1957ൽ കേരളത്തിൽ അധികാരത്തിൽവന്ന കമ്യൂ: ഭരണത്തിനു് 1967ലെ സർക്കാർ കൊണ്ടു വന്ന ഭൂപരിഷ്ക്കരണ നിയമം കൊണ്ടു വരാൻ സാധിച്ചില്ല.

എന്തുകൊണ്ടു്? ഭരണഘടനയേയോ നീതിന്യായ കോടതികളേയോ ആയിരിക്കും കുററപ്പെടുത്തുന്നതു്. അല്ലെങ്കിൽ അതിനു സമ്മതമായിരുന്നില്ലെന്നായിരിക്കും ഉത്തരം. '57ലെ കമ്യൂ: ഭരണം കൊണ്ടുവന്ന ഭൂപരിഷ്ക്കരണ നിയമത്തിനു് '64 ലെ കോൺഗ്രസ്സ് ഭരണം ഭേദഗതി കൊണ്ടു വരുന്നു. ആ നിയമത്തിനു് ഭരണഘടന ഭേദഗതി ചെയ്തു സംരക്ഷണം നൽകുന്നു. അതിൻെറ തണലിൽ 1967 ലെ കോൺഗ്രസ്സിതര ഐക്യമുന്നണി ഭരണം വീണ്ടും ഭേദഗതി അവതരിപ്പിക്കുന്നു. അതും കഴിഞ്ഞ 1972 ലെ കോൺഗ്രസ്സ്. കമ്മ്യൂണിസ്റ്റ് കൂട്ടു കെട്ടിൻെറ ഭരണം ഭൂപരിഷ്ക്കരണ ഭേദഗതിക്കും ഭേദഗതി അവതരിപ്പിക്കുന്നു. മിക്കവാറും ഏകകണ്ഠമായി "കാലാനുസൃതമായ" ഭൂപരിഷ്ക്കരണമാണു് കേരളത്തിൽ കുറേശ്ശേ കുറേശ്ശേയായി ക്രമേണ നടന്നതു്, സോഷ്യലിസ്റ്റ് വീക്ഷണത്തിനു് അടിസ്ഥാനമായിരിക്കേണ്ട ഭൂനയത്തിൻെറ കാര്യത്തിൽ "കാലാനുസൃതമായ" യോജിച്ച കാൽവെപ്പുകളുടെ കാലം വന്നുവെന്നതിൻെറ അർത്ഥം കക്ഷികളുടെ നയപരിപാടികൾക്കു് കാര്യമായ വ്യത്യാസമൊന്നുമില്ലെന്നാണു. 1¼ നൂററാണ്ടു മുമ്പേ മാർക്സും, എംഗൽസും കൂടി പ്രഖ്യാപിച്ച പത്തിനപരിപാടികളിലേ ആദ്യത്തെ ഇനം ഓർക്കുന്നതു് നന്നു്. ഭൂമി സ്വകാര്യ സ്വത്താക്കി വെക്കുന്ന സമ്പ്രദായം ഇല്ലാതാക്കുകയും ഭൂമിയിൽ നിന്നു് പാട്ടമായിക്കിട്ടുന്ന വരുമാനമെല്ലാം പൊതു ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുകയും ചെയ്യുക"

ഭാരതത്തിൽ ഇന്നു് കമ്മ്യൂണിസ്ററുകാരുടെയോ സോഷ്യലിസ്ററുകാരുടേയോ മാനിഫെസ്റ്റോ ദുർഭൂതത്തിൻെറ പേടിയൊന്നും ആരിലും ഉണ്ടാകുന്നില്ല. പ്രവൃത്തിയിൽ വ്യത്യാസമില്ലെന്നു് മാത്രമല്ല പ്രഖ്യാപനത്തിലെ വ്യത്യാസങ്ങളും അവസാനിച്ചുകൊണ്ടാണിരിക്കുന്നതു് തൊഴിലോ, തൊഴിലില്ലായ്മ വേതനമോ നൽകുന്നതിനെപ്പററി മിക്ക പ്രകടന പത്രങ്ങളിലും പറഞ്ഞു കാണും—അഴിമതി നിർമ്മാർജ്ജനം, വ്യവസായ പ്രോത്സാഹനം, വിദ്യഭ്യാസ നവീകരണം, ഹരിജനോദ്ധാരണം എന്നു വേണ്ട മിക്ക പരിപാടികളും എഴുതി വെച്ചതിലെ അവ്യക്തതയിൽ പോലും യോജിക്കുന്നതായി കാണാം.

വർഗ്ഗീയ കക്ഷികളുടെ നയപ്രഖ്യാപനത്തിൽ പോലും മതസ്വാതന്ത്ര്യസംരക്ഷണവും ന്യൂനപക്ഷാവകാശത്തിൻെറ പരിരക്ഷയും ഉറപ്പു് നൽകുന്നുണ്ടു്. സായുധസമരത്തിൽ തുടങ്ങിയവരും സമാധാന പരിവർത്തനത്തിൽ നിലയുറപ്പിച്ചവരും ഒന്നു

പോലെ നിയമസഭാതലത്തിൽ സമ്മേളിച്ച് സ്ഥാനമാനങ്ങൾ പങ്കിട്ട് സ്വസ്ഥരായി കഴിയുന്നു ജനം മരവിച്ചു നിൽക്കുന്നു.

പാർലിമെൻററി ഭരണസമ്പ്രദായം സ്വീകരിച്ച നാടുകളിലെല്ലാം ഈ മരവിപ്പ് കാണാം. അവിടങ്ങളിൽ പ്രതിപക്ഷം എതിർപക്ഷമല്ല. ഭരണപക്ഷവും പ്രതിപക്ഷവും ഒരേ പക്ഷത്തിലെ ഇരുകക്ഷികളാണ്. നിയമസഭകളിലെ വാഗ്വാദങ്ങളും അട്ടഹാസങ്ങളും കഥകളി അരങ്ങിലെ ആട്ടക്കാരെയാണു അനുസ്മരിപ്പിക്കുക. ദുശ്ശാസനന്റെ കുടലെടുത്ത് മാലയണിക്കുകയാണ്. കാണികൾക്കു മുന്നിലെ ഭീമസേനൻ, തിരശ്ശീലയ്ക്കു പിന്നിൽ കഞ്ചാവു പങ്കിടുന്ന കൂട്ടുകാരാണ് ഭീമ-ദുശ്ശാസനന്മാർ നിയമസഭാതലത്തിലെ ഘോര അട്ടഹാസം മുഴക്കുന്ന പാർലിമെൻററി പ്രതിപക്ഷഗറില്ലകളും സാമാന്യജനത്തിനു നിഷേധിക്കപ്പെട്ട പ്രത്യേകാവകാശങ്ങളും പദവികളും പങ്കുവെക്കുന്നു. അങ്ങിനെ അവർ സ്ഥാനമാനങ്ങളുടെ പേരിൽ നിലവിലുള്ള വ്യവസ്ഥിതിയുടെ സംരക്ഷകരായി മാറുന്നു.

നിലവിലുള്ള വ്യവസ്ഥിതിയാകട്ടെ മുതലാളിത്തവ്യവസ്ഥിയുമാണ്. മുതലാളിത്തവ്യവസ്ഥിതിയിലെ ഭരണാധികാരികൾ ധനിക വർഗ്ഗമാണല്ലോ. സ്വകാര്യസ്വത്താണ് അവിടെ സാമൂഹ്യസംവിധാനത്തിന്റെ അടിസ്ഥാനം. സ്വത്തുള്ളവർ വീണ്ടും സ്വത്തുകാരാകാൻ പററിയതാണ് അവിടത്തെ സാഹചര്യം. ഭാരതത്തിലാണെങ്കിൽ ഉപരിതലത്തിലെ 10% ആണ് എല്ലാ സ്വത്തും രാഷ്ട്രീയാധികാരവും കൈയടക്കി വെച്ചിരിക്കുന്നത്. ഈ 10% പേർ ചൂഷണത്തിന്റെ അളവിൽ മാത്രം വിഭിന്നരാണ്. ഉദ്യോഗസ്ഥമേധാവിത്വവും ഭൂവുടമകളും മാനേജർമാരും രാഷ്ട്രീയ നേതാക്കളുമടങ്ങുന്നതാണ് ഈ ഭരണാധികാരികൾ. അവരെ വൻകിട ഭൂവുടമകളുടേയും ബൂർഷ്വകളുടേയും നിയന്ത്രണത്തിലുള്ളതെന്നോ കുത്തകമുതലാളിമാരുടെ സ്വാധീനത്തിൽപ്പെട്ട ദേശീയ ബൂർഷ്വാസിയെന്നോ വേർതിരിച്ചു വ്യാഖ്യാനിക്കുന്നതുകൊണ്ട് വലിയ പ്രയോജനമില്ല. നമ്പൂതിരിയും നമ്പൂതിരിപ്പാടും, ഭട്ടതിരിയും ഭട്ടതിരിപ്പാടും തമ്മിൽ ഒരുപാട് വ്യത്യാസമുണ്ടെന്നു കരുതി സാമൂഹ്യപരിവർത്തനത്തിനു പോകരുതല്ലോ.

## ജാതിക്കൂട്ടം.

വാസ്തവത്തിൽ ഭാരതത്തിന്റെ പ്രത്യേകമായ ജാതിപാരമ്പര്യങ്ങളുടെ പ്രതിഫലനമാണ് രാഷ്ട്രീയരംഗത്ത് മറെറാരു രൂപത്തിൽ കാണുന്നത്. ജാതിയാണ് ഭാരതത്തിന്റെ സാമൂഹ്യഘടനയെ ഉറപ്പിച്ചു നിറുത്തിയ നെടുംതൂണ്. തൊഴിൽ വിഭജനത്തെ അടിസ്ഥാനമാക്കിയാണ് ജാതി ആരംഭിച്ചത്. അച്ഛനിൽ നിന്നു് മകൻ തൊഴിലഭ്യസിച്ചു വന്ന പഴയ കാല

ത്തു് തൊഴിൽ വിഭജനം ജന്മനാസംഭവിച്ചിരുന്നു. ഒരേ തൊഴിൽ ചെയ്യുന്ന കുടുംബങ്ങൾ ഒരു കൂട്ടമായി. അതു് ജാതിയായി അങ്ങനെ ഓരോ തൊഴിൽക്കാരും ഓരോ ജാതിയായി. രാജ്യം ഭരിക്കുന്ന തൊഴിലിലും ജാതിയുണ്ടായി. രാജാവിൽ അധികാരവും സ്വത്തും കേന്ദ്രീകരിച്ചിരുന്നതുകൊണ്ടു് രാജാവിനോടു് ഏററവും അടുത്തവൻ ഉന്നതജാതിക്കാരനുമായി,

തൊഴിൽ ജന്മനാ പാരമ്പരിച്ചു വന്നതായതുകൊണ്ടു് സമൂഹത്തിനു് ചലനാത്മകതയുണ്ടായിരുന്നില്ല—ഡോക്ടർ രാംമനോഹർ ലോഹ്യ ചൂണ്ടിക്കാണിച്ചിട്ടുള്ളതു പോലെ ജാതി നിശ്ചലമായ വർഗവും, വർഗം ചലനാത്മകമായ ജാതിയുമാണല്ലോ. ഓരോ; ജാതിക്കും ഓരോ ആചാര്യമര്യാദകളും, 'അവകാശങ്ങളും' നിയമസംഹിതയുമാണുള്ളതു്. അപ്പോൾ ഭാരതം ജനതയെന്നതിനെക്കാൾ ഉപരി ജാതി കൂട്ടമായിത്തീൻ്നു. അതോടെ സമൂഹവും നിശ്ചലമായി.

ജാതികൾ തഴച്ചു വളരുംമുമ്പ് പുരാതനഭാരതം കൈവരിച്ച വ്യക്തിപരമായ നേട്ടങ്ങൾപോലും പിന്നീടു് ആവർത്തിക്കപ്പെട്ടിട്ടില്ല. അറിവും അനുഷ്ഠാനവും തമ്മിൽ എന്തെന്നില്ലാത്ത അകൽച്ചയുണ്ടായി. അനുഷ്ഠാനത്തിലൂടെയാണ് അറിവു് പൂർത്തിയാകുന്നതെന്നതിനാൽ, വിജ്ഞാനം വഴിമുട്ടിനിന്നു.

കൂട്ടായ പ്രവർത്തനം അസാദ്ധ്യമായി. വിദേശാക്രമണങ്ങൾക്കു് മുന്നിലെല്ലാം ഭാരതം കുമ്പിട്ടുനിന്നു. പടയോട്ടം നടക്കുന്ന പാടത്തുപോലും താനൊന്നുമറിഞ്ഞില്ലെന്നമട്ടിൽ പാവപ്പെട്ടവർ പണിയെടുത്തുകൊണ്ടിരുന്നു. ചതുരംഗക്കളി കണ്ടുനിൽക്കുന്ന കാഴ്ചക്കാരെപോലെയാണു് അന്നു് സാമാന്യജനം വിദേശാക്രമണത്തെ കണ്ടതു്. രാജ്യം വൈദേശികാടിമത്വത്തിൽ അമർന്നു. ജാതി കൊണ്ടു് മൗലികചിന്ത നഷ്ടപ്പെട്ട ജനം കൂടുതൽ കൂടുതൽ ദരിദ്രരായി. മേൽജാതിക്കാരൻ 'കീഴ്ജാതിക്കാര'നെ തൊട്ടുകൂടാത്തവനാക്കി. മനുഷ്യരോടു മൃഗത്തേക്കാൾ നികൃഷ്ടമായി പെരുമാറി. അയിത്തത്തിലൂടെ അടിമത്തം അടിച്ചേല്പിക്കപ്പെട്ടു. ഭാരതം ഭീകരമായമരവിപ്പിൽ നൂററാണ്ടുകളോളം ആണ്ടുകിടന്നു ആധുനിക വിജ്ഞാനമാർജ്ജിച്ചവരുടെ നേതൃത്വത്തിൽ ബ്രിട്ടീഷ് ഭരണത്തിനെതിരായി സ്വാതന്ത്ര്യ സമരം ആരംഭിച്ചപ്പോഴാണു് ജാതി സൃഷ്ടിച്ച ദുരന്തത്തെക്കുറിച്ച് സമൂഹത്തിനു് ബോധമുദിച്ചു തുടങ്ങിയതു്. ഭാരതത്തിൻെറ സ്വാതന്ത്ര്യസമരം ഊർജ്ജിതമായപ്പോഴാണു് സാമൂഹ്യരംഗത്തും നവോത്ഥാനമുണ്ടാകുന്നതു് മതങ്ങളെ കൂട്ടുപിടിച്ച ഗാന്ധിജിക്കുപോലുംജാതിക്കെതിരായി സമരം ഒഴിച്ചുകൂടാൻപാടില്ലാത്ത ആവശ്യമായിത്തീൻ്നു. സ്വാതന്ത്ര്യസമരത്തിൻെറ സന്ദർഭത്തിൽത്തന്നെ, ഡോക്ടർ അംബേദ്കറുടെയും ശ്രീനാരായണഗുരുവി

ൻെറയും മററും നേതൃത്വത്തിൽ ജാതിവിരുദ്ധ സമരവും നടന്നു. രാഷ്ട്രീയ സമരത്തിൻെറ വിജയത്തിന്നു ജാതികളെ മറികടന്നുള്ള പ്രസ്ഥാനങ്ങൾ ആവശ്യമാണെന്ന ബോധമുണ്ടായി. സ്വതന്ത്രഭാരതത്തിൽ തത്വത്തിലെങ്കിലും ജാതിയെ എതിർക്കാത്തവരില്ലെന്ന നിലയുണ്ടായിട്ടുണ്ട്.

## സാദൃശ്യം

എന്നാൽ ഈ ബോധത്തെ പ്രയോജനപ്പെടുത്തിക്കൊണ്ട് സമ്പൂർണ്ണമായും ജാതികളെ തുടച്ചുനീക്കാൻ ഭരണാധികാരികൾക്ക് സാധിച്ചില്ല. അതിനിടയിൽ ജാതി പാരമ്പര്യത്തിന്ന് അനുഭയോജ്യമായി പുത്തൻ ജാതികൾ ആവിർഭവിച്ചുകൊണ്ടിരിക്കയാണ്. അത്ഭുതാവഹമായ സാദൃശ്യമാണ് രാഷ്ട്രീയ-സാമൂഹ്യ രംഗത്തെ പഴയ ജാതികളും പുതിയ ജാതികളും തമ്മിലുള്ളത്. വ്യാപാരികളും വ്യവസായികളും പുത്തൻ ജാതികളായിരുന്നു. സർക്കാർ ഉദ്യോഗസ്ഥന്മാർ മറെറാരു ജാതിയാണ്. ഈ ജാതികളുള്ളിൽ ഉപജാതികളുമുണ്ട്.—ഐ. എ. എസ്സ്. ബ്രാഹ്മണനുണ്ട്. ഗസററഡ് ജാതിയുണ്ട്, നോൺ ഗസററഡ് ജാതിയുണ്ട്. രാഷ്ട്രീയ നേതാക്കളും ഒരു ജാതിയാണ്.

ഈ പുത്തൻജാതികൾക്കും പഴയ ജാതികളെ പോലെത്തന്നെ ആചാരാനുഷ്ഠാനങ്ങളുണ്ട്. അവകാശങ്ങളും ബാദ്ധ്യതകളുമുണ്ട്. സാമൂഹ്യബന്ധങ്ങൾ വരെ ഈ ജാതികൾക്കുള്ളിലാണ് ലോട്ടറി ക്ലബ്ബുകളും ലയൺസ് ക്ലബ്ബുകളും വ്യാപാരികളും വ്യവസായികളും സമ്മേളിക്കുന്ന പുതിയ ഉത്സവസ്ഥലങ്ങളാണ്, പോലീസ് ക്ലബ്ബുകൾ പോലെ ഉദ്യോഗസ്ഥന്മാരുടെ ക്ലബ്ബുകളുമുണ്ടായിരിക്കുന്നു. വിവാഹങ്ങൾപോലും ഓരോ ഉദ്യോഗ ജാതികൾക്കിടയിലാണു നടക്കുന്നതു്.

രാഷ്ട്രീയ നേതാക്കളാണ് അധികാരം കയ്യാളുന്ന മേൽജാതിക്കാർ. അവരുടെ പൂജാവിഗ്രഹങ്ങളാണ് പാർട്ടികൾ. മോക്ഷണം നേടണമെന്നുള്ളവർ വിഗ്രഹങ്ങളെ പൂജിക്കണം. വഴിപാടു നൽകണം. വഴിപാടു പൂജാരിയുടെ അവകാശമാണ്. പൂജാരിയുടെ പ്രീതിയാണ് ദേവൻെറ പ്രീതി.

അങ്ങിനെ പാർട്ടിയെ പൂജിക്കുന്നതാണ് അണികളുടെ ആചാരധർമ്മങ്ങളെന്ന് നേതാവു അനുശാസിക്കുന്നു. രാജ്യത്തിൻെറ താല്പര്യം, പാർട്ടിയുടെ താല്പര്യമായി ചിത്രീകരിക്കപ്പെടുന്നു. നേതാവിൻെറ താല്പര്യം പാർട്ടിയുടെ താല്പര്യമായും വ്യാഖ്യാനിക്കപ്പെടുന്നു. ദേവൻെറ താൽപര്യം വിഗ്രഹത്തിൻെറ താൽപര്യവും പൂജാരിയുടെ താൽപര്യവുമാകുന്നു. വഴിപാടുകൾ ഗുരുവിൻ—

വഴിപാടെന്ന വാക്കുപോലും എത്രയോ അനവർത്ഥമായി തോന്നുന്നു. ഭിന്നരൂപത്തിലുള്ള ഒരേ ദൈവത്തെ പ്രീതിപ്പെടുത്തുവാൻ വ്യത്യസ്ത വിഗ്രഹങ്ങൾക്ക് വഴിപാട കഴിക്കുന്നവനാണു ഭക്തൻ, എല്ലാ പാർട്ടി വിഗ്രഹങ്ങൾക്കും ഒരേപോലെ സംഭാവന നൽകുന്ന മോക്ഷേച്ഛുക്കൾ ധാരാളമുണ്ട്.

നേതാക്കളുടെ പരികർമ്മികളായി നിൽക്കുന്ന പാർട്ടി അണികൾ വ്രതമനുഷ്ഠിക്കേണ്ടവരാണ്.-പൊന്നും വെള്ളിയും മുടങ്ങാതെ-നാമം ജപിക്കണം-അമ്പലത്തിൽ വരണം-ഉപവസിക്കണം-അച്ചടക്കം പാലിക്കുക ർസക്കാർ ആപ്പീസ്സിന്നു മുന്നിൽ നിശ്ചിതദിവസം വന്നെത്തുക, നിരാഹാരസത്യാഗ്രഹം നടത്തുക; മുദ്രാവാക്യം മുഴക്കുക, ഭക്തനുമോക്ഷമില്ല—അനുയായിക്കു മോചനമില്ല.

ഭക്തൻ പൂജാരിയെ ചോദ്യം ചെയ്യരുതു്. മോക്ഷമെവിടെയെന്നോ? അതാണ് അച്ചടക്ക ലംഘനം. അച്ചടക്കം അനുസരണമാണ്, ആശ്രിതത്വമാണ്, അടിമത്തമാണ്.

അച്ചടക്കം, അടിമത്വമല്ലെന്നു് പ്രഖ്യാപിക്കേണ്ട സമയം വൈകിയിരിക്കുന്നു. ഓരോ പാർട്ടിയിലേയും സാധാരണ പ്രവർത്തകൻ പരലോകത്തിലെ മോക്ഷത്തിൻെറ വ്യാമോഹത്തിൽ നിന്നു വിമുക്തനായേ പററൂ. ഇനിയും സമയം കളയാനില്ല നേതാക്കളുടെ അച്ച് ക്ക ധർമ്മത്തിൽ സാധാരണ പ്രവർത്തകൻ വിശ്വസിക്കേണ്ട കാര്യമില്ല.

എന്നെങ്കിലും സാമൂഹ്യ പരിവർത്തനത്തിനുവേണ്ടിയുള്ള സായുധസമരമുണ്ടായേക്കാമെന്ന് വിശ്വസിപ്പിച്ച ഇന്നു പട്ടാളച്ചിട്ടയുടെ അച്ചടക്കം ആവശ്യപ്പെടുന്നതെന്തിനു് സായുധസമരത്തിലെ സേനാനി ജീവൻ പണയംവെച്ച സമരം നയിക്കുന്നവനാണു്. അവിടെ ഒരാളുടെ അനുസരണയില്ലായ്മ എല്ലാവരുടെയും നാശമാണുണ്ടാക്കുക. സ്ഥാനമാനങ്ങൾ പങ്കിട്ടെടുത്തു കൊണ്ടിരിക്കുന്നവർക്കിടയിൽ സായുധസമരത്തിന്നു പ്രസക്തിയില്ലല്ലോ. അതിനാൽ പട്ടാളത്തിൻെറ അച്ചടക്ക സംഹിതയും വേണ്ടതില്ല.

മോചനത്തിനുവേണ്ടിയുള്ള പുതിയ സമരമാണു് ഇന്നാവശ്യം. പാർട്ടി അണികളും നേതാക്കളും, അവർണ്ണരും സവർണ്ണരുമായിരിക്കുന്നു. കീഴ്ജാതിയും മേൽജാതിയുമായിത്തീർന്നിരിക്കുന്നു. അണികളെ അകററി നിർത്താൻ എല്ലാ നേതാക്കളും ശ്രദ്ധാലുക്കളാണു്. പാർട്ടി ശ്രീകോവിലുകളിൽ അണികൾക്കു് സ്ഥാന നൽകപ്പെട്ടുന്നില്ല ദേവപ്രീതിക്കു് പൂജാരിയെക്കൊണ്ടു് പ്രാർത്ഥിപ്പിക്കുന്നതു് പോലെതന്നെ നേതാക്കളെക്കൊണ്ടു് നിവേദനം നടത്തിച്ച വേണം സർക്കാരിൽ നിന്നു് കാര്യം നേടാൻ.നേതാക്കളുടെ പുരോഹിത വർഗ്ഗത്തിനു് സ്ഥാനംസ്ഥാ

പ്രിത താല്പര്യമായിരിക്കുന്നു.

## നേതൃജാതി

നേതാക്കളുടെ ജാതിക്ക് അവശതകളില്ല. അവർ ധനിക വർഗ്ഗം സംരക്ഷിക്കുന്ന പുരോഹിതന്മാരാണ്. അവക്ക് ഈ ലോകത്തിലെ സുഖസൌകര്യങ്ങളും അണികഠംക്ക് പരലോകത്തിലെ മോക്ഷവും മതിയെന്ന സ്ഥിതി അവസാനിപ്പിക്കേണ്ടിയിരിക്കുന്നു എന്നോ വന്നേക്കാവുന്ന മോക്ഷം വേണ്ട. ഇന്നല്ലെങ്കിൽ നാളെയെങ്കിലും, മോചനം വേണമെന്നാഗ്രഹിക്കുന്ന സാധാരണ പാർട്ടിയണികഠം ഒന്നിച്ചു ചേരണം. അവർക്ക് പുതിയ ജാതിയുണ്ടാക്കേണ്ട ആവശ്യമില്ല, അവർ മററു പാർട്ടികളിലുള്ളവക്ക് അയിത്തം കൽപ്പിക്കുകയുമില്ല.

രാഷ്ട്രീയ നേതാക്കളുടെ 'മേൽ ജാതി'ക്കെതിരായ ഈ സമരം മുമ്പുണ്ടായ രീതിയിൽ പാർട്ടികളെ പിളർക്കാനുള്ളതായിരിക്കരുത് —നേതാക്കളുടെ പിണക്കങ്ങഠം മുമ്പ് പാർട്ടികളെ നെടുകെ പിളർക്കുന്നതാണ് നാം കണ്ടിട്ടുള്ളതു്. കേന്ദ്ര കമ്മററിയുടെ രണ്ടു നേതാക്കഠം തമ്മിലുള്ള ഭിന്നതയിൽ നിന്നാരംഭിച്ച് ലോക്കൽ വാർഡുകമ്മററികഠം വരെയുള്ള പിളർപ്പാണുണ്ടാവുക കൊടിക്കും പേരിനും വേണ്ടിയുള്ള വാഗ്വാദംങ്ങളിൽ നേതാക്കളേർപ്പെടും പുതിയ പ്രവാചകൻെറ വരവോടെ പഴയ മതം വിട്ട് പുതിയ മതം ഉണ്ടാക്കുന്ന രീതിയിലാണ് ഇന്നേവരെ പാർട്ടികളിൽ കണ്ടു പരിചയിച്ച പിളർപ്പ്.

അത്തരത്തിനുള്ള ചേരിതിരിവിനു് അർത്ഥമില്ല. നേതാക്കളുടെ പുരോഹിത വർഗ്ഗത്തിനെതിരായി അണികളുടെ 'അവണ്ണ' വർഗ്ഗത്തിൻെറ സമരമുണ്ടാകണം. അദ്വൈതം പ്രസംഗിച്ച് അയിത്തം ആചരിച്ച പാരമ്പര്യത്തിൻെറ ദുരിതമനുവിച്ചവരാണ് നാം. സോഷ്യലിസം പറഞ്ഞുകൊണ്ടു് പാവപ്പെട്ട പാർട്ടി അണികളെ അകററി നിറുത്താൻ അനുവദിക്കരുതു്.

''ഞങ്ങളുടേതാണ് പാർട്ടി'', ഞങ്ങഠംക്ക് സമ്പത്തിലും സ്ഥാനത്തിലും സമത്വം വേണം _'' അണികഠം ശബ്ദമുയർത്തി മുന്നോട്ടിറങ്ങുമ്പോഠം പാർട്ടി പുരോഹിതന്മാർ വിറളി പിടി

കളം: അമ്പലം അശുദ്ധമാക്കരുതെന്നു് ആക്രോശിക്കും.—പാർട്ടി ഓഫീസിൽ കടക്കരുതെന്നു് പറയും—വിഗ്രഹം തൊടരുതെന്നു് വിലക്കും——കൊടി പിടിക്കരുതെന്നു് തടയും.

## സാരമാക്കേണ്ടതില്ല.

സാമ്പത്തിക, സാമൂഹ്യ, രാഷ്ട്രീയ അടിമത്വങ്ങളിൽനിന്നുള്ള മോചനമാണു് സാധാരണ അണികൾക്കാവശ്യം എല്ലാ സ്ത്രീ പുരുഷന്മാർക്കും തൊഴിലും ജീവിതസൗകര്യങ്ങളിലും വരുമാനത്തിലും സമത്വവുമാണു് അണികൾ ആഗ്രഹിക്കുന്ന സ്വാതന്ത്ര്യത്തിൻെറ അടിസ്ഥാനം. അവർക്കു് പാർട്ടി ഭിന്നതകളല്ല, ചരിത്രം പ്രവചിതമായ വഴികളിലൂടെ ഒഴുകി വരുന്നതു് കാത്തുനിൽക്കാൻ അവർക്കു് സമയമില്ല.

സ്വാതന്ത്ര്യം നേടുന്നതിനു് ജാതി നശിപ്പിക്കണമെന്നു് അവർ മനസ്സിലാക്കി. ജാതി നശിപ്പിച്ചവർക്കു് മതം പ്രശ്നമല്ല. സാമ്പത്തിക സാമൂഹ്യ നുകങ്ങളിൽ നിന്നും മോചനം ആഗ്രഹിക്കുന്ന സാധാരണ പ്രവർത്തകനു് നേതാക്കളുടെ ജാതിമേധാവിത്വം വേണ്ട—പാർട്ടികളുടെ മതവും അവർക്കുവേണ്ടതില്ല. എല്ലാ കക്ഷികളിലേയും സാധാരണ പ്രവർത്തകർ ഉണരേണ്ടയവസരമാണിതു്.

കേരളത്തിൽ ഇന്നു് ഈ ചേരിതിരിവു് ആരംഭിച്ചിട്ടുണ്ടു്. പരിവർത്തന സ്വഭാവമുള്ള സംഘടനയെന്ന നിലയിൽ കോൺഗ്രസ്സിലാണു് ഈ ചേരിതിരിവു് ഇന്നു് ഏററവും പ്രകടമായി കാണുന്നതു്. പുതിയ പാർട്ടിയുടെ പേരിലല്ലാതെ പരിപാടി നടപ്പാക്കുന്നതിൻെറ പേരിലുള്ള ചേരിതിരിവു് ഇന്നു് കോൺഗ്രസ്സിൽ കാണാം.